ടിഎ(2) 4526/ 2016 (4)എ

പ്രിൻസിപ്പൽ കൃഷി ഓഫീസ്,
കാർഷിക സമുച്ചയം മൂന്നാം നില, ചെമ്പൂക്കാവ്,
തൃശ്ശൂർ -20 ഫോൺ : 0487 2333297
തിയതി : 06.03.2021

പ്രേഷിത

പ്രിൻസിപ്പൽ കൃഷി ഓഫീസർ , തൃശ്ശൂർ

സ്വീകർത്താവ്

ജില്ലയിലെ എല്ലാ കൃഷി ഓഫീസർമാർക്കും

സർ,

വിഷയം : കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 , ചട്ടങ്ങൾ - 2018 ലെ (ഭേദഗതി) നിയമം, ചട്ടങ്ങൾ - ചട്ടം 4 (4ഡി ) പ്രകാരമുള്ള ഫോറം 5 ന്മേൽ LLMC യുടെ ശുപാർശ സംബന്ധിച്ച LLMC കൺവീനറുടെ റിപ്പോർട്ട് മാത്രമാണ് ആവശ്യപ്പെടുന്നത് എന്ന സംഗതി - സ്പഷ്ടീകരണം - സംബന്ധിച്ച്

സൂചന: 1. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, ചട്ടങ്ങൾ
2. 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ ( 15 .12 .2018 ലെ അസാധാരണ ഗസറ്റ് നമ്പർ 3176 ൽ 15 .12 .2018ലെ സ.ഉ . (പി) നമ്പർ 85 / 2018 റവന്യൂ വിജ്ഞാപന പ്രകാരം എസ്.ആർ.ഒ നമ്പർ 902/2018 ആയി പ്രസിദ്ധീകരിച്ചത് )

.............................................

മേൽസൂചനയിലേക്ക് സത്വര ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു .

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 4 (4) പ്രകാരം ഗസറ്റിൽ വിജ്ഞാപനം ചെയ്ത് പ്രദർശിപ്പിച്ചിട്ടുള്ള ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ സംബന്ധിച്ചുള്ള ആക്ഷേപം ചട്ടം 4 (4ഡി ) പ്രകാരം ഫോറം 5 ലുള്ള അപേക്ഷാഫാറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുൻപാകെ സമർപ്പിക്കുന്നതിന്മേൽ, അപേക്ഷയ്ക്ക് ആസ്പദമായ ഭൂമി LLMC പരിശോധിച്ചതിൽ കണ്ടെത്തിയ വസ്തുതകളും ആയത് പ്രകാരം ടി ഭൂമിയെ സംബന്ധിച്ച് പ്രദർശിപ്പിച്ച ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കേണ്ടതാണോ അല്ലയോ എന്നതിലുള്ള LLMC യുടെ ശുപാർശ സംബന്ധിച്ച വിവരമാണ് യോഗതിയതി , തീരുമാനം നമ്പർ എന്നിവ സഹിതം ടി സമിതി കൺവീനർ കൂടിയായ കൃഷി ഓഫീസർ സമർപ്പിക്കുന്നതിന് ചട്ടം 4 (4ഡി ) പ്രകാരമുള്ള ഫോറം 5 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതായത്, ടി റിപ്പോർട്ട്, LLMC കൈക്കൊള്ളുന്ന ശുപാർശ സംബന്ധിച്ചുള്ള ടി സമിതി കൺവീനറുടെ റിപ്പോർട്ട് മാത്രമായതിനാൽ LLMC ശുപാർശയെ അടിസ്ഥാനമാക്കിയല്ലാതെ കൃഷി ഓഫീസർമാർ സ്വന്തം നിലയിൽ ഫോറം -5 ന്മേൽ റിപ്പോർട്ട് നൽകുന്നത് ചട്ടവിരുദ്ധമായ സംഗതിയാണെന്നും , ചട്ടപ്രകാരം ടി റിപ്പോർട്ട് സമർപ്പിക്കേണ്ടത് LLMC കൺവീനർമാരായ കൃഷി ഓഫീസർമാർ മാത്രമാണെന്നും വ്യക്തമാക്കുന്നു . മേൽ വിശദമാക്കിയത് പ്രകാരമുള്ള റിപ്പോർട്ടോടു കൂടിയ ഫോറം -5 , ചട്ടം 4 ഡി യുടെ അനുബന്ധമായി നിലവിലുള്ള സാഹചര്യത്തിൽ ടി ചട്ടത്തിന് വിരുദ്ധമായ രീതിയിൽ LLMC യുടെ അറിവോടെയല്ലാതെ സ്വന്തം നിലയിൽ കൃഷി ഓഫീസർമാർ റിപ്പോർട്ട് സമർപ്പിക്കുവാൻ പാടില്ലാത്തതാണെന്നും, അത്തരത്തിലുള്ള യാതൊരുവിധ നിർദ്ദേശവും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തലത്തിൽ നാളിതു വരെ നൽകിയിട്ടില്ലാത്തതാണെന്നും ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളതിന് വിരുദ്ധമായി ഏതെങ്കിലും വകുപ്പ് തലത്തിലോ ഓഫീസ് തലങ്ങളിലോ പുറപ്പെടുവിക്കുന്ന സർക്കുലറുകൾക്കോ എഴുത്തുകുത്തുകൾക്കോ ചട്ടത്തിന് മേൽ നിലനിൽപ്പ് ഇല്ലാത്തതാണെന്നും സ്പഷ്ടമാക്കുന്നു .

വിശ്വസ്തതയോടെ

8/3/21

പ്രിൻസിപ്പൽ കൃഷി ഓഫീസർ , തൃശ്ശൂർ

Principal Agricultural Officer
Thrissur

OFFICE OF THE PRINCIPAL AGRICULTURAL OFFICER * THRISSUR

പകർപ്പ് : 1. ജില്ലയിലെ എല്ലാ കൃഷി അസി .ഡയറക്ടർമാർക്കും